(ബി) സ്റ്റേറ്റ് ഹൈവേയിലെ കൂട്ടുപാത മുതൽ വാവന്നൂർ സെൻട്രൽവരെയും കൂറ്റനാട്-ആമക്കാവ് റോഡു മുതൽ ചാലിശ്ശേരി തളത്രപ്പാലം വരെയുള്ള റോഡിലെ എഡ്ജ് ഇല്ലാതാക്കിയും ഗട്ടറുകൾ റിപ്പയർ ചെയ്തും വാഹന ഗതാഗതം സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പാലക്കാട്-പൊന്നാനി റോഡിൽ കൂറ്റനാട് മുതൽ പടിഞ്ഞാറങ്ങാടി വരെയുള്ള റോഡ് കേടുപാട് സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ റിപ്പയർ ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ റോഡിൽ വാഹനാപകടങ്ങളിൽ ആളുകൾ മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷേ അത് റോഡിന്റെ അപകടാവസ്ഥ മൂലമാണെന്ന് കരുതുന്നില്ല.

(ബി) ഈ റോഡ് കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടം പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പാലക്കാട്-പൊന്നാനി റോഡ് കി. മീ. 66/300 മുതൽ 76/500 വരെയുള്ള ഭാഗത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി 2 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉപരിതലം പുതുക്കുന്നതിന് 10 ലക്ഷം രൂപയുടെ പണിയും ഉടനെ ആരംഭിക്കുന്നതാണ്.

മാവിളിക്കടവിൽ പാലം നിർമ്മിക്കാനുള്ള നിർദ്ദേശം

54 [5033] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിലെ മാവിളിക്കടവിൽ പാലം നിർമ്മിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) അതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—സി) ഈ പാലം നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ തയ്യാറാക്കാൻ നടപടികളെടുത്തു വരുന്നു.

പന്നിയങ്കര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

55 [5034] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly